"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- കെ.ടി.ഡി.സി- പൊതുമരാമത്ത് വകുപ്പിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ ആയ ശ്രീമതി.ലൈജു. എം.ജി യെ കേരള വിനോദസഞ്ചാര വികസന കോർപ്പറേഷൻ ലിമിറ്റഡിൽ, ചീഫ് എഞ്ചിനീയർ തസ്തികയിൽ, അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.4/2025/TSM തീയതി,തിരുവനന്തപുരം, 04-01-2025

---

പരാമർശം:- 1. 24.10.2024 ലെ സ.ഉ(സാധാ) നം.613/2024/ടൂർ നമ്പർ ഉത്തരവ്

2. കെ.ടി.ഡി.സി മാനേജിംഗ് ഡയറക്ടറുടെ 27.11.2024 ലെ KTDC/PA3/3750/CE/2024 നമ്പർ കത്ത്.

**ഉത്തരവ്**

കേരള വിനോദസഞ്ചാര വികസന കോർപ്പറേഷൻ ലിമിറ്റഡിലെ ചീഫ് എഞ്ചിനീയർ തസ്തികയിൽ പരാമർശം (1) പ്രകാരം നിയമിതയായ പൊതുമരാമത്ത് വകുപ്പിലെ ചീഫ് എഞ്ചിനീയർ ആയ ശ്രീമതി സൈജാമോൾ എൻ ജേക്കബ്, ആർജിതാവധിയിൽ പ്രവേശിച്ചതിനാൽ ടിയാൾക്ക് പകരം മറ്റൊരാളെ കെ.ടി.ഡി.സി ചീഫ് എഞ്ചിനീയർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കണമെന്ന് പരാമർശം (2) പ്രകാരം കെടിഡിസി മാനേജിംഗ് ഡയറക്ടർ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

അതിന്റെ അടിസ്ഥാനത്തിൽ, പൊതുമരാമത്ത് വകുപ്പിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ ആയ ശ്രീമതി.ലൈജു.എം.ജി യെ കെ.ടി.ഡി.സി യിലെ ചീഫ് എഞ്ചിനീയർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിലവിലുള്ള ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി ഒരു വർഷത്തേക്ക് നിയമിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കെ.ടി.ഡി.സി., കോർപ്പറേറ്റ് ഓഫീസ്, തിരുവനന്തപുരം
ശ്രീമതി.ലൈജു.എം.ജി, സൂപ്രണ്ടിംഗ് എഞ്ചിനീയർ, പൊതുമരാമത്തു വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, എ&ഇ ), കേരളം, തിരുവനന്തപുരം
പൊതുമരാമത്ത് (എ) വകുപ്പിന് (ഫയൽ നം. PWD-A1/207/2024-PWD പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Archana T
സെക്ഷൻ ഓഫീസർ
Date: 04-01-2025 12:31:02

പകർപ്പ്:-

വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്

വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്